REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-10-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **എട്ടാമത് രാഷ്ട്രീയ പോഷൺ മാ 2025 സംസ്ഥാന തല പരിപാടികൾ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ കോഴിക്കോട് ഉദ്ഘാടനം ചെയ്തു.**
- **യഥാർത്ഥ വികസനത്തിന്റെ ഗുണഫലങ്ങൾ അനുഭവിക്കണമെങ്കിൽ കേരളം ഒരു ഡബിൾ എൻജിൻ ഗവൺമെന്റിനെ കുറിച്ച് ആലോചിക്കണമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.**
- **പശ്ചാത്തല വികസന മേഖലയിൽ സംസ്ഥാന ഗവൺമെന്റ് ഒട്ടേറെ പ്രവൃത്തികൾ പൂർത്തിയാക്കിയതായി മന്ത്രി PA മുഹമ്മദ് റിയാസ്.**
- **67-ാം സംസ്ഥാന സ്കൂൾ കായിക മേളയ്ക്ക് വിപുലമായ സൗകര്യങ്ങൾ ഒരുക്കുമെന്ന് മന്ത്രി V ശിവൻകുട്ടി.**
- **ഇന്ത്യ- വെസ്റ്റിൻഡീസ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ രണ്ടാമത്തെ മത്സരത്തിൽ ഇന്ത്യക്ക് മികച്ച തുടക്കം.**

## വാർത്തകൾ വിശദമായി

എട്ടാമത് രാഷ്ട്രീയ പോഷൺ മാ 2025 സംസ്ഥാന തല പരിപാടികൾ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ കോഴിക്കോട് ഉദ്ഘാടനം ചെയ്തു. പ്രകൃതിയിൽ നിന്നാണ് പോഷണം ലഭിക്കുന്നതെന്നും, ഗർഭാവസ്ഥ മുതൽ വാർദ്ധക്യം വരെ ജനങ്ങളുടെ ആരോഗ്യം ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണെന്നും കേന്ദ്രസഹമന്ത്രി പറഞ്ഞു.

പോഷൻ മാ അമ്മയുടേത് മാത്രമല്ല തലമുറയുടെ ആരോഗ്യമാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു. MK രാഘവൻ MP അധ്യക്ഷനായിരുന്നു.

✪✪✪

യഥാർത്ഥ വികസനത്തിന്റെ ഗുണഫലങ്ങൾ അനുഭവിക്കണമെങ്കിൽ കേരളം ഒരു ഡബിൾ എൻജിൻ ഗവൺമെന്റിനെ കുറിച്ച് ആലോചിക്കണമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. പാലക്കാട് നഗരസഭയിലെ വികസന സദസ്സും, വികസന പദ്ധതികളും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒരു ഡബിൾ എൻജിൻ ഭരണ സംവിധാനത്തിന്റെനേട്ടങ്ങളാണ് പാലക്കാട് നഗരസഭയിലെ വ്യത്യസ്തങ്ങളായ വികസനപദ്ധതികളെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ സ്പെഷൽ അസിസ്റ്റന്റ് സ്കീമിൽ ഉൾപ്പെട്ടതടക്കം നഗര സഭയുടെ ആറ് പദ്ധതികളാണ് സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തത്. രാവിലെ മലമ്പുഴയിലെ കലുങ്ക് സൗഹൃദ ചർച്ചയിലും കേന്ദ്ര മന്ത്രി പങ്കെടുത്തു.

✪✪✪

ഇന്ന് ലോക മാനസികാരോഗ്യ ദിനം. ലോകാരോഗ്യ സംഘടനയുടെ ആഹ്വാനപ്രകാരം എല്ലാ വർഷവും ഒക്ടോബർ പത്തിനാണ് ഈ ദിനം ആചരിക്കുന്നത്. മാനസികാരോഗ്യം നേരിടുന്ന വെല്ലുവിളികളും, പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച അവബോധം വർദ്ധിപ്പിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ലോകത്തെ നാലു പേരിൽ ഒരാൾ ജീവിതത്തിൽ പല അവസരങ്ങളിലും മാനസിക അസ്വസ്ഥത നേരിടുന്നു എന്നാണ് കണ്ടെത്തൽ. അവരെ മനസ്സിലാക്കാനും, ഒപ്പം നിന്ന് ചികിത്സയ്ക്കും, സുഖപ്രാപ്തിക്കും വഴിയൊരുക്കാനും തയ്യാറാകണമെന്ന ആഹ്വാനമാണ് ദിനാചരണം നൽകുന്നത്.

✪✪✪

വ്യക്തിയുടെ വൈകാരികവും മാനസികവുമായ ക്ഷേമത്തിന് മുൻഗണന നൽകാൻ ലോക മാനസികാരോഗ്യ ദിനം ആളുകളെ ഓർമ്മിപ്പിക്കുന്നുവെന്ന് കേന്ദ്ര മന്ത്രി JP നദ്ദ പറഞ്ഞു. എല്ലാവർക്കും മാനസികാരോഗ്യ സേവനങ്ങൾ, പരിചരണം, സമയബന്ധിതമായ സഹായം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് ലോകമാനസികാരോഗ്യദിന സന്ദേശത്തിൽ ആരോഗ്യമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

RBI ഡെപ്യൂട്ടി ഗവർണറായി ഷിരീഷ് ചന്ദ്രമുർമു ചുമതലയേറ്റു. ഡെപ്യൂട്ടി ഗവർണറായി ചുമതലയേൽക്കുന്നതിന് മുമ്പ് ഇദ്ദേഹം റിസവർവ് ബാങ്കിന്റെ എക്സിക്യൂട്ടിവ് ഡയറക്ടറായിരുന്നു.

✪✪✪

ഇന്ത്യയെ കൂടുതൽ ബിസിനസ് സൗഹൃദമാക്കുന്നതിന് സംവിധാനങ്ങൾ ലളിതമാക്കിയിട്ടുണ്ടെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. സിഡ്നിയിൽ ഓസ്ട്രേലിയൻ പ്രതിരോധ സഹമന്ത്രി പീറ്റർ ഖലീലുമായി ഉഭയകക്ഷി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

ബീഹാര് നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. ഇതോടെ, ആദ്യ ഘട്ടത്തിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പണവും ആരംഭിക്കും. 243 അംഗ നിയമസഭയിലേക്ക് രണ്ട് ഘട്ടങ്ങളിലായാണ് തെരഞ്ഞെടുപ്പ്. നവംബർ 6 നാണ് 121 സീറ്റുകളിലേക്ക് ആദ്യ ഘട്ട വോട്ടെടുപ്പ്. നാമനിർദ്ദേശ പത്രിക ഈ മാസം 17 വരെ സമർപ്പിക്കാം. നവംബർ 11 നാണ് രണ്ടാം ഘട്ട വോട്ടെടുപ്പ്.

✪✪✪

ഭാരത് ഇന്റർനാഷണൽ റൈസ് കോൺഫറൻസ്, ഈ മാസം 30, 31 തിയ്യതികളിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ചേരും. ആഗോള അരി വ്യവസായവുമായി ബന്ധപ്പെട്ട് 80 ലധികം രാജ്യങ്ങളിൽ നിന്ന് 150 ഓളം കമ്പനികൾ കോൺഫറൻസിൽ പങ്കെടുക്കും. നൂതനാശയങ്ങൾ, സാങ്കേതിക വിദ്യകൾ, പ്രീമിയം അരി ഇനങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതായിരിക്കും കോൺഫറൻസ്. ആയിരത്തിലധികം വിദേശ പ്രതിനിധികളും 5000-ത്തോളം ഇന്ത്യൻ കർഷകരും പങ്കെടുക്കും.

✪✪✪

ശബരിമലയിൽ സ്വർണ്ണപ്പാളി കാണാതായെന്ന വിഷയത്തിൽ അന്വേഷണം നടത്തുന്ന ദേവസ്വം വിജിലൻസ് സംഘം ഹൈക്കോടതിയിൽ ഇന്ന് അന്തിമ റിപ്പോർട്ട് നൽകി. റിപ്പോർട്ടിന്റെ കോപ്പി ദേവസ്വംബോർഡിനും, സംസ്ഥാന ഗവൺമെന്റിനും കൈമാറുമെന്ന് പ്രസിഡണ്ട് PS പ്രശാന്ത് അറിയിച്ചു. കോടതി റിപ്പോർട്ട് പരിശോധിച്ചതിനു ശേഷം ADGP H വെങ്കിടേഷിന്റെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘത്തിന് കൈമാറും.

✪✪✪

ദേവസ്വം സ്വത്ത് കൊള്ളയടിക്കാൻ സംസ്ഥാന ഗവൺമെന്റ് കൂട്ട് നിൽക്കുകയാണെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ. ഇതിനെതിരെ ശക്തമായ പ്രക്ഷോഭവുമായി മുന്നോട്ട് പോകുമെന്ന് വേണുഗോപാൽ പത്തനംതിട്ടയിൽ പറഞ്ഞു. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് എന്തൊക്കെയോ മൂടിവെക്കാനുണ്ടെന്ന് അദ്ദേഹം ആരോപിച്ചു. സംസ്ഥാന ഗവൺമെന്റ് സ്വമേധയാ അല്ല അന്വേഷണം നടത്താൻ തീരുമാനിച്ചതെന്നും,ഹൈക്കോടതിയാണ് അന്വേഷണത്തിന് ഉത്തരവിട്ടതെന്നും KC വേണുഗോപാൽ പറഞ്ഞു.

✪✪✪

NDA നേതൃയോഗം തിരുവനന്തപുരം മാരാർജി ഭവനിൽ പുരോഗമിക്കുന്നു. രാജീവ് ചന്ദ്രശേഖർ, തുഷാർ വെള്ളാപ്പള്ളി തുടങ്ങിയ നേതാക്കൾ പങ്കെടുക്കുന്നുണ്ട്. ദേശീയ രാഷ്ട്രീയ പാർട്ടിയായ NPP-യുടെ നേതാക്കളും യോഗത്തിൽ സംബന്ധിക്കുന്നു.

✪✪✪

പശ്ചാത്തല വികസന മേഖലയിൽ സംസ്ഥാന ഗവൺമെന്റ് ഒട്ടേറെ പ്രവൃത്തികൾ പൂർത്തിയാക്കിയതായി മന്ത്രി PA മുഹമ്മദ് റിയാസ് തിരുവനന്തപുരത്ത് പറഞ്ഞു. നിരവധി പുതിയ റോഡുകൾ സംസ്ഥാനത്ത് വന്നു. മലാപ്പറമ്പ് - വെള്ളിമാടുകുന്ന് റോഡിന്റെ വികസന പ്രവർത്തികൾ കാലാവധിക്ക് മുൻപ് പൂർത്തീകരിക്കുമെന്നും കോഴിക്കോടിന് പുതുവത്സര സമ്മാനമായി റോഡ് തുറന്നു കൊടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഫറോക്ക് പാലം നവീകരണത്തിന് ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് ഈ ഗവൺമെന്റാണെന്നും ഇതിനെതിരെ ഉയർന്ന ആക്ഷേപങ്ങൾ അടിസ്ഥാന രഹിതമാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

തൃശൂർ പാലിയേക്കര ടോൾപ്ലാസയിലെ ടോൾ നിരോധനം തുടരും. ടോൾ പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ദേശീയ പാത അതോറിറ്റി സമർപ്പിച്ച ഹർജി കോടതി ഇന്ന് പരിഗണിച്ചു. കളക്ടറുടെ റിപ്പോർട്ട് കൂടി പരിഗണിച്ച ശേഷം വിഷയം അടുത്ത ചൊവ്വാഴ്ച പരിഗണിക്കാമെന്ന് ഹൈക്കോടതി അറിയിച്ചു.

✪✪✪

ഈ മാസം 21 മുതൽ 28 വരെ തിരുവനന്തപുരത്ത് 67-ാം സംസ്ഥാന സ്കൂൾ കായിക മേളയിൽ 12 സ്റ്റേഡിയങ്ങളിലായി മൽസരങ്ങൾ സംഘടിപ്പിക്കും.

തിരുവനന്തപുരം ലേഖകൻ സ്മിതി M. പള്ളുരുത്തി...

.....വോയ്സ്.......

ഇത്തവണത്തെ സ്ക്കൂൾ കായിക മേളയിൽ തിരുവനന്തപുരം നഗരത്തിലേയും പരിസരത്തേയും 12 സ്റ്റേഡിയങ്ങളിലായി പകലും രാത്രിയും മൽസരങ്ങൾ നടത്തും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയമായിരിക്കും പ്രധാന വേദി. ഏറ്റവും ജനപ്രിയമായ 12 ഇനങ്ങൾ സെൻട്രൽ സ്റ്റേഡിയത്തിൽ താൽക്കാലികമായി നിർമിക്കുന്ന ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തും. ആറായിരത്തോളെ കുട്ടികളെയാണ് സെൻട്രൽ സ്റ്റേഡിയത്തിൽ പ്രതീക്ഷിക്കുന്നത്. ദേശീയ നിലവാരത്തിലുള്ള കളിസ്ഥലങ്ങളാണ് മൽസരത്തിനു വേണ്ടി ഒരുക്കുന്നതെന്ന് മന്ത്രി വി ശിവൻകുട്ടി അറിയിച്ചു. തിരുവനന്തപുരത്തെ ഏഴുപത്തിയഞ്ചോളം സ്ക്കൂളുകളിൽ 18,000 വിദ്യാർത്ഥികൾക്ക് താമസ സൗകര്യവും ഒരുക്കും.

✪✪✪

ഇന്ത്യ- വെസ്റ്റിൻഡീസ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ രണ്ടാം മത്സരം ന്യൂഡൽഹിയിൽ ആരംഭിച്ചു. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തെരഞ്ഞെടുക്കുകയായിരുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ ഒരു വിക്കറ്റ് നഷ്ടത്തിൽ 125 റൺസെടുത്തിട്ടുണ്ട്.

✪✪✪

ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങൾ ചാലിയാർ പുഴയിൽ മറ്റന്നാൾ ഉച്ചയ്ക്ക് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ നിന്ന് 14 ചുരുളൻ വള്ളങ്ങൾ മത്സരത്തിൽ പങ്കെടുക്കും. ഒരു വള്ളത്തിൽ 110 തുഴച്ചിലുകാർ ഉണ്ടായിരിക്കും. 20 ലക്ഷം രൂപയാണ് മൊത്തം സമ്മാന തുക. വൈകീട്ട് ജേതാക്കൾക്ക് സമ്മാനം വിതരണം ചെയ്യും.

✪✪✪

വനിതാ ബ്ലൈൻഡ് ഫുട്ബോൾ ലോകകപ്പ് സെമി ഫൈനൽ മത്സരങ്ങൾ ഇന്ന് കാക്കനാട് യുണൈറ്റഡ് സ്പോർട്സ് സെന്ററിൽ നടത്തും. നാളെയാണ് ഫൈനൽ.

✪✪✪

ഇടുക്കിയിൽ വീണ്ടും നീലക്കുറിഞ്ഞി വസന്തം. ദേവികുളം ഗ്യാപ് റോഡിന് താഴെയായി ചൊക്രമുടി മലനിരകളിലാണ് നീലകുറിഞ്ഞി പൂവിട്ടത്. ഇത് മൂന്നാറിലെ വിനോദ സഞ്ചാര മേഖലയ്ക്ക് ഉണർവ്വാകും.

ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ....

...........വോയ്സ്.......

ഒരിക്കൽ പൂവിട്ടാൽ 12 വർഷത്തിന് ശഷമേ ആ പ്രദേശത്ത് വീണ്ടും നീലക്കുറിഞ്ഞി വിരിയുകയുള്ളൂ. മൂന്നാർ മേഖലയിലെ വിവിധയിടങ്ങളിൽ പല സമയങ്ങളിലായാണ് നീലക്കുറിഞ്ഞി പൂക്കാറുള്ളത്. ചൊക്രമുടിയിൽ 2013ലായിരുന്നു ഇതിന് മുമ്പ് നീലക്കുറിഞ്ഞി വസന്തം. ഇപ്പോൾ 12 വർഷം പൂർത്തിയായ കൃത്യസമയത്ത് തന്നെ വീണ്ടും ഇവിടെ നീലക്കുറിഞ്ഞി പൂവിട്ടു. കുറച്ച് ചെടികൾ മാത്രമാണ് ഇപ്പോൾ പൂത്തത്. വരും ദിവസങ്ങളിൽ മുൻതവതകളിലേതു പോലെ തന്നെ ചൊക്രമുടി മല മുഴുവൻ നീല നിറമാകുമെന്ന പ്രതീക്ഷയിലാണ് നാട്ടുകാർ. മൂന്നാർ ടൗണിൽ നിന്ന് 15 കിലോമീറ്റർ മാറിയാണ് ഇപ്പോൾ നീലകുറിഞ്ഞി പൂവിട്ട ചൊക്രമുടി പ്രദേശം.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 1,360 രൂപ കുറഞ്ഞ് 89,680 രൂപയായി. ഗ്രാമിന് 11,210 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.

✪✪✪

കണ്ണൂർ തളിപ്പറമ്പ് തീപിടുത്തത്തിൽ ഗവൺമെന്റ് അടിയന്തര സഹായം ഉറപ്പാക്കണമെന്ന് KPCC പ്രസിഡണ്ട് സണ്ണി ജോസഫ് ആവശ്യപ്പെട്ടു. കൃത്യമായ നഷ്ടപരിഹാരം ഉറപ്പാക്കാൻ മുഖ്യമന്ത്രിയോട് ആവശ്യപ്പെടുമെന്നും, ഫയർ ഫോഴ്സ് ഉൾപ്പടെ സംവിധാനങ്ങൾക്ക് വീഴ്ച്ച ഉണ്ടായി എന്നും അദ്ദേഹം കുറ്റപ്പെടുത്തി.

പെട്ടന്ന് തീ അണയ്ക്കാൻ സാധിക്കാതിരുന്നതിന് കാരണം, സംവിധാനങ്ങളുടെ അപര്യാപ്തതയാണെന്നും, സംഭവ സ്ഥലം സന്ദർശിച്ച ശേഷം സണ്ണി ജോസഫ് മാധ്യമപ്രവർത്തകരോട് പറഞ്ഞു.

✪✪✪

കണ്ണൂർ തളിപ്പറമ്പ് നഗരത്തിലെ തീപ്പിടിത്തം സംബന്ധിച്ച് രാവിലെ മുതൽ പോലീസ്, ഫോറൻസിക്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ഫയർഫോഴ്സ് തുടങ്ങിയ വിവിധ വകുപ്പുകൾ സംയുക്ത പരിശോധന നടത്തും. ഉച്ചക്ക് MV ഗോവിന്ദൻ MLA യുടെ അധ്യക്ഷതയിൽ താലൂക്ക് കോൺഫറൻസ് ഹാളിൽ വിവിധ വകുപ്പുകളുടെ യോഗം ചേരും.

✪✪✪

തിരുവനന്തപുരത്ത് രണ്ട് ദിവസത്തെ ബയോ കണക്ട് 3.O കോൺക്ലേവ് ഇന്ന് സമാപിക്കും. ആരോഗ്യ മേഖലയെ മുന്നോട്ട് നയിക്കാൻ കേരളം സന്നദ്ധമാണെന്ന് ബയോ കണക്ട് 3.O കോൺക്ലേവിലൂടെ വ്യക്തമാകുമെന്ന് ഇന്നലെ കോൺക്ലേവ് ഉദ്ഘാടനം ചെയ്ത മന്ത്രി P. രാജീവ് പറഞ്ഞു. AI ഉൾപ്പെടെ സാങ്കേതിക മേഖലകളിലെ മുന്നേറ്റം ആരോഗ്യ മേഖലയിൽ ഉൾപ്പെടുത്തി വലിയ മുന്നേറ്റമാണ് കേരളം നടത്തുന്നതെന്ന് P. രാജീവ് വിലയിരുത്തി.

✪✪✪

സംസ്ഥാനത്ത് വരുംദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

കേരളത്തിലെ സന്യാസി സമൂഹത്തിന്റെ മാർഗ്ഗദർശകമണ്ഡലം സംഘടിപ്പിക്കുന്ന ധർമ്മ സന്ദേശയാത്ര ഇന്ന് കോഴിക്കോട് എത്തും. സമൂഹം നേരിടുന്ന കുടുംബ ശൈഥില്യം, ലഹരി, അടിമത്തം, പുതുതലമുറയുടെ അച്ചടക്കരാഹിത്യം തുടങ്ങിയ പ്രശ്നങ്ങളെ ഇല്ലാതാക്കാനും, മാർഗ്ഗദർശനം നൽകാനും ലക്ഷ്യമിട്ടാണ് സ്വാമി ചിദാനന്ദപുരിയുടെ നേതൃത്വത്തിൽ സന്ദേശയാത്ര നടത്തുന്നത്.

രാവിലെ ചിൻമയാഞ്ജലി ഓഡിറ്റോറിയത്തിൽ യാത്രയ്ക്ക് സ്വീകരണം ഒരുക്കിയിട്ടുണ്ട്. വൈകിട്ട് മുതലക്കുളത്ത് സ്വീകരണ മഹാസംഗമവും നടത്തും.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സബിത കെ*
*NRTs: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*